# വാർത്തകൾ

## ജോസ് കെ. മാണി എം.പി. മുഖ്യമന്ത്രിക്ക് നിവേദനം നല്കി

ഡൽഹിയിലെ പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളും അവ എത്രയും വേഗം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് കേരളാ പ്രവാസി കോൺഗ്രസ് (എം) ഡൽഹി ഘടകം തയ്യാറാക്കിയ നിവേദനവും ജോസ് കെ. മാണി എം.പി. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെ കേരളഹൗസിൽ സന്ദർശിച്ച് കൈമാറി.

നിവേദനത്തിൽ പ്രധാനമായും എട്ട് ആവശ്യങ്ങളാണ് ഉള്ളത്.

1. ഡൽഹിയിലെ മലയാളികൾക്കെല്ലാം നോർക്ക വഴി ഐഡന്റിറ്റി കാർഡ് നല്കുക.

2. ഡൽഹിയെ നാലു സോണുകളായി തിരിച്ച് നോർക്കയുടെ പ്രവർത്തനം ഊർജിതമാക്കുക.

3. മലയാളി അസോസിയേഷനുകളെ കൂടി സഹകരിപ്പിച്ചുകൊണ്ട് ഡൽഹി മലയാളികൾക്കായി നിയമസഹായസെൽ സ്ഥാപിക്കുക.

4. കെ.എസ്.എഫ്.ഇയുടെ ബ്രാഞ്ച് അനുവദിക്കുക.

5. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഡൽഹി പ്രവാസി മലയാളികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുക.

6. ഡൽഹിയിൽ മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും മറ്റുമായി അനുവദിക്കുന്ന 10,000 രൂപയുടെ ധനസഹായം കൃത്യസമയത്തുതന്നെ ലഭ്യമാകുന്നു എന്നുറപ്പു വരുത്തുക.

7. വിസാ തട്ടിപ്പിനിരയാവുന്ന മലയാളികൾക്ക് സഹായമെത്തിക്കാൻ സംവിധാനമൊരുക്കുക.



ഡൽഹിയിലെ പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങളും അടങ്ങിയ നിവേദനം ജോസ് കെ.മാണി എം.പി, മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന് കൈമാറിയപ്പോൾ. കേരളാ പ്രവാസി കോൺഗ്രസ് (എം) ഡൽഹി ഘടകം പ്രസിഡണ്ട് ജോഷി ഫിലിപ്പ് സമീപം.

8. അംഗീകാരമുള്ള വിദേശ റിക്രൂട്ട്മെണ്ട് ഏജൻസികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക.

2007 ഡിസംബറിൽ റോഷി അഗസ്റ്റിൻ എംഎൽഎ മുഖേന പ്രവാസി കേരളാ കോൺഗ്രസ് (എം) ഡൽഹി ഘടകം സംസ്ഥാന സർക്കാരിന് ഡൽഹി മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി നിവേദനം നല്കിയിരുന്നു. ഇതിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുവാനായി നോർക്കയ്ക്ക് നിർദേശം നല്കിയതായി കാണിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് മറുപടി ലഭിച്ചിരുന്നു.

നോർക്കയുടെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ ഇക്കാര്യത്തിൽ നല്കിയതായി കാണിച്ച് നോർക്കയുടെയും കത്ത് ലഭിച്ചിരുന്നു. എന്നാൽ യാതൊരുവിധ നടപടിയും ഉണ്ടായില്ല. അതിനെത്തുടർന്നാണ് വീണ്ടും മുഖ്യമന്ത്രിക്ക് നേരിട്ട് വിശദമായ നിവേദനം സമർപ്പിച്ചത്.

കേരളാ പ്രവാസി കോൺഗ്രസ് (എം) ഡൽഹി ഘടകം പ്രസിഡണ്ട് ജോഷി ഫിലിപ്പ്, ജനറൽ സെക്രട്ടറി ജോമോൻ വരമ്പേൽ എന്നിവരും നിവേദക സംഘത്തിലുണ്ടായിരുന്നു.

## സംസ്ഥാന സർക്കാർ കേരകർഷകരോടുള്ള വഞ്ചന അവസാനിപ്പിക്കണം

**ഏ.എൽ.സെബാസ്റ്റ്യൻ**



ഇടതുസർക്കാർ കേരകർഷകരോടു തുടരുന്ന വഞ്ചനയിൽ പ്രതിഷേധിച്ച് അഖില കേരള കേരകർഷകയൂണിയൻ (എം) ന്റെ നേതൃത്വത്തിൽ തൃശൂർ കളക്ട്രേറ്റിനു മുമ്പിൽ പ്രതീകാത്മക കൊപ്ര-പച്ചത്തേങ്ങാ സംഭരണം സംസ്ഥാന പ്രസിഡണ്ട് ഏ.എൽ.സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. സെബാസ്റ്റ്യൻ ചൂണ്ടൽ, ബേബി മാത്യു, രാമചന്ദ്രൻ കുണ്ടുവാറ, ശശീന്ദ്രൻ കുണ്ടുവാറ, തോമസ് ആന്റണി, കെ.എസ്. ഫ്രാൻസീസ് തുടങ്ങിയവർ സമീപം.

കേരകർഷകരെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനായി കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വൈമനസ്യം തുടരുന്ന ഇടതുസർക്കാർ സംസ്ഥാനത്തെ മുപ്പത്തിയഞ്ചുലക്ഷം കേരകർഷകരോടുള്ള വഞ്ചന അവസാനിപ്പിക്കണമെന്ന് അഖിലകേരള കേരകർഷക യൂണിയൻ (എം) സംസ്ഥാന പ്രസിഡണ്ട് ഏ.എൽ.സെബാസ്റ്റ്യൻ ആവശ്യപ്പെട്ടു.

സംസ്ഥാന സർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ച് അഖില കേരള കേരകർഷകയൂണിയൻ (എം) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശൂർ കളക്ട്രേറ്റിനു മുന്നിൽ നടന്ന സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



കെ.എസ്.സി (എം) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന അംഗത്വ വിതരണം പാർട്ടി ലീഡർ കെ.എം.മാണി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. കെ.എസ്.സി (എം) സംസ്ഥാന പ്രസിഡണ്ട് റോണി മാത്യു, മജു പുളിക്കൻ, ടിജോ മണ്ണൂർ തുടങ്ങിയവർ സമീപം.

കേന്ദ്രസർക്കാർ ക്വിന്റലിന് ഉണ്ടകൊപ്രയ്ക്ക് 4700 രൂപയും കൊപ്രയ്ക്ക് 4450 രൂപയും തറവില പ്രഖ്യാപിച്ചിരുന്നു. സംഭരണത്തിനായി നാഫെഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് നാഫെഡ് കേരഫെഡിനെയും കേരഫെഡ് പ്രൈമറി സഹകരണസംഘങ്ങളെയും സംഭരണത്തിനായി നിയോഗിച്ചിരുന്നു. എന്നാൽ സംസ്ഥാന ഗവൺമെണ്ട് ബോധപൂർവം വരുത്തിയ അനാസ്ഥമൂലം കേരളത്തിലെവിടെയും സംഭരണം നടപ്പായില്ല.

സംസ്ഥാനത്തെ മുപ്പത്തിയഞ്ചുലക്ഷത്തിലധികം വരുന്ന കേരകർഷകർക്ക് ലഭിക്കുമായിരുന്ന രണ്ടായിരം കോടിയോളം രൂപയാണ് സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും കർഷകവിരുദ്ധനയങ്ങളും മൂലം നഷ്ടമായിരിക്കുന്നത്. ഈ കേന്ദ്രപദ്ധതി ക്രിയാത്മകമായി നടപ്പിലാക്കിയിരുന്നവെങ്കിൽ കേരളത്തിന്റെ സമ്പദ്ഘടനയിൽതന്നെ വൻ ഉണർവ് ഉണ്ടായേനേ. കർഷകവിരുദ്ധ സമീപനം സ്വീകരിക്കുന്നു എന്ന ആക്ഷേപം കേന്ദ്രസർക്കാരിനെതിരെ നിരന്തരം ഉന്നയിക്കുന്ന മുഖ്യമന്ത്രിയും കൃഷിമന്ത്രിയും സഹകരണമന്ത്രിയും കേരകർഷകർക്കുണ്ടായ ഈ വലിയ നഷ്ടത്തിന് ആരെയാണ് കുറ്റപ്പെടുത്തുക എന്നും ഏ.എൽ.സെബാസ്റ്റ്യൻ ചോദിച്ചു.

സെബാസ്റ്റ്യൻ ചൂണ്ടൽ, ബേബി മാത്യു, രാമചന്ദ്രൻ കുണ്ടുവാറ, ബേബി നെല്ലിക്കുഴി, എ.സി.ജോർജ്, ടി.കെ.വർഗീസ്, വി.ടി. ജോസ്, പി.കെ.ജോൺസൺ, ശശീന്ദ്രൻ കുണ്ടുവാറ, തോമസ് ആന്റണി, കെ.എസ്. ഫ്രാൻസീസ്, പോൾ കാഞ്ഞിരത്തിങ്കൽ, എ.എൽ.ആന്റണി, ജോൺസൺ വരിക്കാശ്ശേരി, ജോർജ് താഴേക്കാടൻ, പി.പി.ജോസഫ്, എ.ഒ.പാലു മാസ്റ്റർ, കെ.എഫ്.ലാൽസൻ, ജോസഫ് മേമ്മന, കെ.എസ്.വർഗീസ്, ജയിംസ് മുട്ടിക്കൽ, ബിജു വി.ടി, ജോയ് ജോൺ എന്നിവർ സമരത്തിന് നേതൃത്വം നല്കി.

ചരിത്രം

ഡോ. വെളുത്താട്ട് കേശവൻ

# സ്മാരകങ്ങളും പുരാലിഖിതങ്ങളും ചരിത്രപഠനത്തിലെ വഴിത്തിരിവുകൾ

## കേരള ചരിത്രരചനയ്ക്ക് ഒരാമുഖം – 4

പുരാതത്ത്വപഠനത്തിലെതന്നെ മറ്റൊരു ശാഖയാണ് സ്മാരകങ്ങളുടെ പഠനം. കേരളത്തിലെ സ്മാരകമന്ദിരങ്ങളേറെയും അമ്പലങ്ങളും പള്ളികളുമാണ്. കാലാകാലങ്ങളിൽ നടന്ന പുതുക്കിപ്പണികളും ഏച്ചുകൂട്ടലുകളും ഇവയുടെ തനിമ നഷ്ടപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവ ജീർണിക്കുകയും മണ്ണടിയുകയും ചെയ്തു. എന്നാലും പലതിന്റെയും അധിഷ്ഠാനങ്ങളിലും മറ്റുമുള്ള ലിഖിതങ്ങളിൽ നിന്ന് അവയുടെ കാലവും ആദ്യകാലരൂപവും ഗ്രഹിക്കാം.

കേരളത്തിലെ നൂറുകണക്കായ അമ്പലങ്ങളെയും പള്ളികളെയും വിസ്തരിച്ച് പഠിക്കേണ്ടതാണ്. അതേപോലെ മനുഷ്യാലയങ്ങളെയും. ഈ പഠനങ്ങൾ തച്ചുശാസ്ത്രഗ്രന്ഥങ്ങളുടെ സഹായത്തോടെയായാൽ കൂടുതൽ തെളിച്ചം കിട്ടും. പഴയ നഗരങ്ങളെ തച്ചുശാസ്ത്രവിധിയുടെ വെളിച്ചത്തിൽ പരിശോധിക്കുന്നതും ലാഭകരമായിരിക്കും. ഈ പഠനങ്ങളിലൊക്കെ കേരളത്തിലെ ഭൂപ്രകൃതി, കാലാവസ്ഥ, വാസസ്ഥാനവിന്യാസം എന്നിവയൊക്കെ കണക്കിലെടുക്കേണ്ടതാണ്.

ചരിത്രപഠനത്തിന് ഏറെ സഹായിക്കുന്നൊരു വിജ്ഞാനശാഖയാണ് നരവംശശാസ്ത്രം അഥവാ Anthropology. ഇതിന്റെ എല്ലാ ഉപശാഖകളും ചരിത്രകാരനെ അങ്ങേയറ്റം സഹായിക്കും. ഈ വിജ്ഞാനശാഖയുടെ ഉൾക്കാഴ്ചകളുപയോഗിച്ച് കേരളചരിത്രത്തിൽ ഏറെ പരിശ്രമങ്ങൾ നടന്നിട്ടില്ല. ജനവർഗങ്ങളെയും സാമൂഹ്യപരിണാമങ്ങളെയും പ്രാകൃതബന്ധങ്ങളെയുമൊക്കെക്കുറിച്ച് വ്യക്തമായ ചിത്രങ്ങൾ നല്കാൻ ആന്ത്രോപോളജിക്കു കഴിയും. അതേപോലെ ആ വിജ്ഞാനശാഖ സാമൂഹ്യബന്ധങ്ങളെക്കുറിച്ചു നിർമിച്ചിട്ടുള്ള മാതൃകാരൂപങ്ങൾ ചരിത്രാപഗ്രഥനത്തിനുപയോഗിക്കാവുന്നതാണ്. ഒന്നിനൊന്നു തുല്യമായുപയോഗിക്കാനല്ല ഇത്. സങ്കീർണമായ ചരിത്രപ്രക്രിയകളിലെ ചില ഊരാക്കുടുക്കുകളെങ്കിലും ഇതുകൊണ്ട് അഴിഞ്ഞുകിട്ടിയാലായി.

കേരളത്തിലെ പ്രാചീന മധ്യകാലങ്ങളിലേക്കു വെളിച്ചം വീശുന്ന തെളിവുകളിൽ ഏറ്റവും പ്രധാനം പുരാലിഖിതങ്ങളാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒടുവിലും ഈ നൂറ്റാണ്ടിലുമായി കേരളത്തിൽ പുരാലിഖിതപഠനം ഏറെ പുരോഗമിച്ചിട്ടുണ്ട്. കേരളത്തിലെ ലിഖിതങ്ങൾക്ക് ചില വിശേഷതകളുണ്ട്. ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെ, പ്രത്യേകിച്ച് തൊട്ടയല്പക്കമായ തമിഴ്നാട്ടിലെ രേഖകളിൽ നിന്ന് സാരമായ വ്യത്യാസങ്ങൾ അവയിൽ കാണാം.

ഒന്നാമതായി, രാജാവ് നേരിട്ട് ഭൂമി ദാനം ചെയ്ത് ബ്രഹ്മദേയങ്ങളുണ്ടാക്കുന്ന രേഖകൾ ഇവിടെ ഇല്ലെന്നതു തന്നെ. ഉണ്ട്, പഴയൊരു രേഖ പകർത്തിയതാണെന്നവകാശപ്പെടുന്ന



ഒരു ചുവർചിത്രം



ഒരു പഴയ കൽമണ്ഡപം

ദേവീദേവേശ്വരം രേഖയും മറ്റൊരു പകർപ്പായ കിളിമാനൂർ–തൃപ്പാൽക്കടൽ രേഖയും. മറ്റൊന്നുള്ളത് വടക്ക് തിരുവട്ടൂരിൽ കുറേ ബ്രാഹ്മണരെ കൊണ്ടുവന്നു താമസിപ്പിക്കുന്നതു രേഖപ്പെടുത്തിയ ഒരു കൽവെട്ടാണ്. അതും ലക്ഷണമൊത്ത ഒരു ദാനപത്രമാവുന്നില്ല. ഈയൊരു സവിശേഷത വലിയൊരു ചോദ്യമുന്നയിക്കുന്നു.



ഓലയിലെഴുതിയ പുരാതത്വരേഖ

സാമൂഹ്യ–സാമ്പത്തിക ജീവിതത്തിൽ ബ്രാഹ്മണസ്വാധീനം ഇത്രയേറെയുണ്ടായിരുന്ന കേരളത്തിൽ ബ്രാഹ്മണരെ കുടിവെച്ചതിനാധാരമായ രേഖകൾ എങ്ങനെ ഇല്ലാതെ പോയി? അതേപോലെ ഒരു പക്ഷേ, അതുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നം കേരളത്തിലെ ലിഖിതങ്ങളിൽ രാജപ്രശസ്തി ഇല്ലാത്തതാണ്. സമകാലികരായ തെന്നിന്ത്യൻ രാജവംശങ്ങളൊക്കെ തങ്ങളുടെ ശാസനങ്ങളിൽ ധർമശാസ്ത്രവിധികൾക്കനുസരിച്ച് വിശദമായ പ്രശസ്തികൾ കോർത്തുചേർത്തപ്പോൾ ഇവിടെ മാത്രം അതു കാണുന്നേയില്ല.

ദാനശാസനങ്ങളുടെ പോരായ്മ ഇതിന് തീർത്തും വിശദീകരണമാവുന്നില്ല. ഉള്ളവയിൽ എന്തിനതൊഴിവാക്കി? കൊല്ലൂർ മഠം പട്ടയം സ്വയം പ്രശസ്തിയെന്നു വിശേഷിപ്പിക്കുന്നുണ്ടെന്നോർക്കണം. ജൂതപ്പട്ടയം, രാജാവ് നേരിട്ട് പ്രസാദിച്ചരുളിയ പ്രസാദമാണ്. എന്നിട്ടും എന്തേ പത്തുശ്ലോകം രാജപ്രശസ്തി പരമായി അവിടെയൊന്നും ഘടിപ്പിച്ചില്ല? നമ്മുടെ രാജാക്കന്മാരുടെ ശക്തിയും രാഷ്ട്രീയമായ സ്ഥാനവും നിർണയിക്കാൻ ഇതൊരു സൂചനയാവുമോ? രാജവംശത്തിലെ ദായക്രമം എങ്ങനെയെങ്കിലും ഇതിനു കാരണമായിരിക്കുമോ?

കേരളത്തിൽ നിന്നുള്ള ലിഖിതപ്രമാണങ്ങൾ ചരിത്രരചനയ്ക്കുള്ള സാമഗ്രിയായുപയോഗിക്കുമ്പോൾ ഉയർന്നുവരുന്ന രീതിശാസ്ത്രപരമായ ചില പ്രശ്നങ്ങളുണ്ട്. ഒന്നുരണ്ടുദാഹരണം പറയാം. ലിഖിതങ്ങളിൽ കാണുന്ന ചില ശബ്ദങ്ങളുടെ വിവർത്തനവുമായി ബന്ധപ്പെട്ടതാണൊന്ന്.

ഗ്രാമമെന്ന അർത്ഥത്തിൽ ഈ ലിഖിതങ്ങളിലുപയോഗിക്കുന്ന ഒരു പദം “ഊര്” ആണ്. തമിഴ്നാട്ടിലെ ലിഖിതങ്ങളുമായി പരിചയമുള്ള ചരിത്രകാരന്റെ മനസ്സിൽ ഈ പദത്തിന് നിശ്ചിതമായ ഒരർത്ഥമുണ്ട്. അബ്രാഹ്മണരുടേതായ ഒരു കർഷകഗ്രാമം–വെള്ളാൻ വക. കേരളത്തിലെ ലിഖിതങ്ങൾ പഠിക്കുമ്പോൾ ഈ അർത്ഥം പ്രയോഗിച്ചാൽ വലിയ അപകടങ്ങളിൽ ചെന്നുചാടും. ഇവിടെ ഊരെന്നാൽ ബ്രാഹ്മണഗ്രാമവും അവരുടെ സഭയുമാണ്. ഈ കേരളലിഖിതങ്ങൾ ശീലിച്ച് തമിഴ്നാട്ടിലെ രേഖകളിലേക്കു പോയാലും വലിയ കുഴപ്പമുണ്ടാവുമെന്നു പറയേണ്ടതില്ലല്ലോ.

ഇതേപോലെ ശബ്ദാർത്ഥങ്ങളിലെ സാമൂഹ്യവ്യത്യാസങ്ങൾ കൊണ്ട് കുഴപ്പമുണ്ടാക്കാവുന്ന മറ്റൊരു പദമാണ് “നാട്”. ഒരു നാടുവാഴിയുടെ കീഴിൽ രാഷ്ട്രീയമായ ഒരു ഘടകമെന്ന അർത്ഥത്തിലാണ് കേരള ലിഖിതങ്ങളിൽ ഈ ശബ്ദം ഉപയോഗിക്കപ്പെടുന്നത്. ഉദാ: കോലത്തുനാട്, വള്ളുവനാട്, വെൺപൊലിനാട്, വേണാട്. തമിഴ്നാട്ടിലെ ലിഖിതങ്ങളിലാവട്ടെ “നാട്” എന്ന പദത്തിന് അർത്ഥം ഇതല്ല തന്നെ. കാർഷിക ഗ്രാമങ്ങളായ കുറേ വെള്ളാൻ വക ഊരുകൾ കൂടിച്ചേർന്നുണ്ടാവുന്ന വലിയൊരു സാമൂഹ്യ ഘടകമാണ് അവിടെ നാട്. ഇവിടെയില്ലാത്ത “നാട്ടാ”രെന്ന ഒരു കൂട്ടരെയും അവിടെ കാണാം. ഈ വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടുന്നത് ലിഖിതപഠനങ്ങളിലുപയോഗിക്കേണ്ട രീതിശാസ്ത്രത്തെക്കുറിച്ചാണ്. ഇങ്ങനെ നിഷ്കർഷിക്കാൻ തുടങ്ങിയാൽ ഇവിടുത്തെ ഭൂപ്രകൃതിയെയും ആവാസരീതിയെയുമൊക്കെക്കുറിച്ചുള്ള സർവങ്കഷമായ ബോധം ചരിത്രപഠനത്തിനാവശ്യമാണെന്ന തിരിച്ചറിവിൽ നാം എത്തിച്ചേരുകയും ചെയ്യും.

(തുടരും)

**കേരളത്തിലെ പ്രാചീന മധ്യകാലങ്ങളിലേക്കു വെളിച്ചം വീശുന്ന തെളിവുകളിൽ ഏറ്റവും പ്രധാനം പുരാലിഖിതങ്ങളാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒടുവിലും ഈ നൂറ്റാണ്ടിലുമായി കേരളത്തിൽ പുരാലിഖിതപഠനം ഏറെ പുരോഗമിച്ചിട്ടുണ്ട്. കേരളത്തിലെ ലിഖിതങ്ങൾക്ക് ചില വിശേഷതകളുണ്ട്. ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെ, പ്രത്യേകിച്ച് തൊട്ടയല്പക്കമായ തമിഴ്നാട്ടിലെ രേഖകളിൽ നിന്ന് സാരമായ വ്യത്യാസങ്ങൾ അവയിൽ കാണാം.**

**കേരളത്തിലെ നൂറുകണക്കായ അമ്പലങ്ങളെയും പള്ളികളെയും വിസ്തരിച്ച് പഠിക്കേണ്ടതാണ്. അതേപോലെ മനുഷ്യാലയങ്ങളെയും. ഈ പഠനങ്ങൾ തച്ചുശാസ്ത്രഗ്രന്ഥങ്ങളുടെ സഹായത്തോടെയായാൽ കൂടുതൽ തെളിച്ചം കിട്ടും. പഴയ നഗരങ്ങളെ തച്ചുശാസ്ത്രവിധിയുടെ വെളിച്ചത്തിൽ പരിശോധിക്കുന്നതും ലാഭകരമായിരിക്കും. ഈ പഠനങ്ങളിലൊക്കെ കേരളത്തിലെ ഭൂപ്രകൃതി, കാലാവസ്ഥ, വാസസ്ഥാനവിന്യാസം എന്നിവയൊക്കെ കണക്കിലെടുക്കേണ്ടതാണ്.**

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



നാരദൻ

# പതിമൂന്നാം പേജ്

## വി.എസിനു വയറു നിറഞ്ഞു!

**ഗൗ**രിയമ്മ അച്യുതാനന്ദനു മീൻകറി വിളമ്പിക്കൊടുക്കുന്നിടത്തു നാട്ടുകാർക്കു കാര്യമൊന്നുമില്ലെങ്കിലും പത്രം വായിക്കുന്നവരൊക്കെ സന്തോഷിച്ചു. ശുദ്ധാത്മാക്കളായ പഴയ രണ്ടു കമ്യൂണിസ്റ്റുകൾ. വീര പോരാളികൾ! ഒരാൾ പണ്ടേ പുറന്തള്ളപ്പെട്ടതാണ്. മറ്റേയാൾ പുറത്താക്കപ്പെട്ടില്ലെങ്കിലും ഏതാണ്ട് ആ അവസ്ഥയിൽ കൈവീശി നടക്കുന്ന മഹാൻ. അങ്ങനെയുള്ള ജ്ഞാനവൃദ്ധനും വൃദ്ധയും കൂടി സന്തോഷപൂർവം മീൻകറി കൂട്ടി ചോറുണ്ണുന്ന കാഴ്ച ഏതു സഹൃദയനെയാണ് ആഹ്ളാദിപ്പിക്കാത്തത്! അക്കൂടെ ഉണ്ടില്ലെങ്കിലും ഉണ്ടപോലെ വയറു നിറഞ്ഞാണ് കമ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ പലരും അന്നു പത്രം മടക്കിയത്!



ഒക്കെ നല്ലതുതന്നെ. എല്ലാവരും സന്തോഷത്തോടെ ഭക്ഷണം കഴിച്ചും കഴിപ്പിച്ചും സ്നേഹപൂർവം കഴിയുന്ന നല്ല കാലമാണല്ലോ നമ്മുടെ മുഖ്യ അജണ്ട. എന്നാ ഊണുണ്ട്, കൈകഴുകി, ചിറി തുടച്ച്, ഏമ്പക്കവും വിട്ടിറങ്ങിപ്പോകുന്ന സ്നേഹിതന്റെ മുതുകത്ത് സദ്യയുണ്ട വീട്ടിൽനിന്ന് പിറകെ ഏറുവന്നാലെങ്ങനെയുണ്ട്? അതാണിപ്പോൾ നമ്മുടെ പാവം വി.എസിനു സംഭവിച്ചിരിക്കുന്നത്. ഗൗരിയമ്മ എന്താ ഇപ്പോൾ പറയുന്നത്? വി.എസിന് ഒരു തട്ടുകിട്ടേണ്ടത് അത്യാവശ്യമായിരുന്നെന്ന്! അധികാരക്കൊതിമൂത്തവനാണു വി.എസ്. എന്ന്. ഏതായാലും ഇതോടെ വയറു നിറഞ്ഞിട്ടുണ്ട്. എന്നാലും എന്റെ ഗൗരിയമ്മേ ഇതു വേണ്ടായിരുന്നു. ഇതിനായിരുന്നോ മീൻകറി എരിവു കുറച്ചുണ്ടാക്കിയത്? 'ഇയാൾക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയതാ' എന്നു പറഞ്ഞുകൊണ്ട് നിർബന്ധിച്ച് ഊട്ടിയപ്പോൾ വിഎസ് ഒരിക്കലും കരുതിയിരിക്കാനിടയില്ല വഴിയിലിറങ്ങുമ്പോൾ പിറകെവന്ന് മുളകു ചമ്മന്തി അരച്ചുതേക്കുമെന്ന്.

തൊണ്ണൂറുകഴിഞ്ഞിട്ടും കുശുമ്പുമാറിയിട്ടില്ലെന്നു പറഞ്ഞാൽ ഗൗരിയമ്മ പരിഭവിക്കും. പല തവണ മുഖ്യമന്ത്രിയാകുമെന്നു സ്വപ്നം കണ്ടയാളല്ലേ? വെറുതെ നടന്നവന്റെ എങ്ങാണ്ടു ചുണ്ണാമ്പു തേച്ചുവിട്ടെന്നു കേട്ടിട്ടേയുള്ളൂ. ഏതാണ്ടതുപോലായി കാര്യങ്ങൾ. ഒരു പാവം വെജിറ്റേറിയനെ നോൺ വെജിറ്റേറിയനാക്കിയതു പോട്ടെ. വീഴാൻ തുടങ്ങുമ്പോൾ ഉന്തിയിടുക കൂടി ചെയ്താലോ? കഷ്ടം തന്നെ! പോളിറ്റ് ബ്യൂറോയിൽ നിന്നു പുറത്താക്കിയതും തരംതാഴ്ത്തിയതുമെല്ലാം സഹിക്കാം. ഇതു സഹിക്കാൻ പറ്റൂല്ല എന്റെ മക്കളേ, സഹിക്കാൻ പറ്റൂല്ല! ❑

## അച്ചടക്കമില്ലെങ്കിൽ അഴിമതികൊണ്ടെന്തു കാര്യം?

**ശം**ഖുമുഖം കടപ്പുറത്തുവച്ചു പിണറായി വിജയൻ മര്യാദയ്ക്ക് പറഞ്ഞതാണ്. സമുദ്രത്തിൽ നിന്ന് ഒതു തൊട്ടി വെള്ളം കോരിയെടുത്താൽ അതിൽ ഒരു തിരയുമില്ല, മണ്ണാങ്കട്ടയുമില്ല. അതുകൊണ്ട് വെള്ളത്തുള്ളികളെല്ലാം സമുദ്രത്തിന്റെ മാർത്തട്ടിനോടു ചേർന്ന് കിടക്കുക.

അന്നാരും അത് കാര്യമാക്കിയില്ല. വെറുതെ പുച്ഛിച്ചു. ഇപ്പോൾ എങ്ങനെയിരിക്കുന്നു? ദേണ്ടെ അച്യുതാനന്ദൻ ഒരു ബക്കറ്റുവെള്ളവുമായി കരയ്ക്കിരിക്കുന്നു. എപ്പോഴാണ് ബക്കറ്റുകൂടി കമഴ്ത്തപ്പെടുകയെന്നേ ഇനി അറിയേണ്ടൂ. സമുദ്രത്തിന്റെ മാർത്തട്ടിനോടു ചേർന്നുകിടക്കുന്നതുകൊണ്ടു പിണറായിക്കു പേടിക്കാനില്ല. എത്ര വേലിയേറ്റമുണ്ടായാലും തെറിക്കാത്ത ഒരു പാവം തുള്ളി!



അച്ചടക്കമാണോ അഴിമതിയാണോ കേമം എന്നു ചോദിച്ചാൽ അച്ചടക്കമെന്നാണു പ്രകാശ് കാരാട്ട് ഉത്തരം പറയുക. അഴിമതി ഏതു പോലീസുകാരനുമറിയാം. പക്ഷേ, അച്ചടക്കം പഠിക്കാൻ പണിയുണ്ട്. അത് ലെനിനിസ്റ്റു തത്വമനുസരിച്ചാണെങ്കിൽ കടുകട്ടിയാവും പഠിത്തം. അതുകൊണ്ടു മക്കളേ, മനസ്സിലാക്കിയിരിക്കുക അഴിമതിയിൽ മുങ്ങിക്കുളിച്ചാലും അച്ചടക്കത്തിന്റെ കച്ചത്തുവർക്ക് അരയിൽ കാണണം. ലോകം മുഴുവൻ അഴിമതി നടത്തിയാലും അച്ചടക്കം നഷ്ടമാക്കിയാൽ അതുകൊണ്ടെന്തുകാര്യം? ❑

# മൊഴിയും മറുമൊഴിയും

**ചാണക്യൻ**

കാറ്റുപയോഗിച്ചു വാഹനമോടിക്കാം. ചെലവ് കിലോമീറ്ററിന് 50 പൈസ. കാസർഗോഡ് പൊവ്വൽ എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളജു വിദ്യാർത്ഥികളാണ് ഈ കണ്ടെത്തലിനു പിന്നിൽ.

– *പത്രവാർത്ത*

- **ഭാവിയിൽ പെട്രോൾ-ഡീസൽ മുതലാളിമാരുടെ കാറ്റുപോകുമോ?**

* * * * *

ജനതാദൾ (സെക്യുലർ) എന്ന പേരോ ചിഹ്നമോ ഉപയോഗിക്കാൻ എം.പി.വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിലുള്ള വിഭാഗത്തിന് അവകാശമില്ലെന്ന് ഗൗഡവിഭാഗം ജനതാദൾ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ.എൻ.എം.ജോസഫ്.

- **പ്രൊഫസർക്കെന്തറിയാം, വീരൻ പേരിലല്ല, പോരിലാണു വിശ്വസിക്കുന്നത്.**

* * * * *

സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് മാനേജുമെണ്ടുകളുമായി മന്ത്രി എം.എ.ബേബി ഉണ്ടാക്കിയ കരാറിനോടുള്ള എതിർപ്പ് സിപിഐ തുടരും.

– പത്രറിപ്പോർട്ട്

- **നല്ല കാര്യം. സിപിഐ എന്നൊരു പാർട്ടി ഇവിടെ ഉണ്ടെന്ന വിചാരമേയില്ല പലർക്കും.**

* * * * *

എസ്.എസ്.എൽ.സി പരീക്ഷയ്ക്കു പാസ്സായ ബുദ്ധിദൗർബല്യമുള്ള എല്ലാവർക്കും പ്ലസ് വൺ പ്രവേശനം നല്കുമെന്ന് മന്ത്രി എം.എ.ബേബി.

- **അഡ്മിഷൻ കിട്ടാതെ ബുദ്ധിമുട്ടുന്ന ബുദ്ധിമാന്മാർ ശ്രദ്ധിക്കുമല്ലോ.**

* * * * *

പുതുതായി രൂപവത്ക്കരിച്ച ഏഴു ഗ്രാമപഞ്ചായത്തുകളിൽ മൃഗാശുപത്രി സ്ഥാപിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

– പത്രവാർത്ത

- **മുന്നണിയിലും പാർട്ടിയിലും പ്രശ്നങ്ങൾ വർധിക്കുന്നതനുസരിച്ച് ഗവൺമെണ്ട് മൃഗീയമായിക്കൊണ്ടിരിക്കുന്നു.**

* * * * *

കോട്ടയം ജില്ലയിൽ മണ്ണെടുപ്പിനു വില്ലേജാഫീസർമാർ നല്കിയിരുന്ന അനുമതി 10ൽനിന്നു 15 ലോഡാക്കി ഉയർത്താൻ കളക്ട്രേറ്റിൽചേർന്ന ബന്ധപ്പെട്ടവരുടെ യോഗം തീരുമാനിച്ചു.

– പത്രവാർത്ത.

- **മണ്ണിങ്ങനെ കണ്ടമാനം മാറുന്നുണ്ടെങ്കിലും മണ്ണും ചാരിനിന്നു പെണ്ണിനെയുംകൊണ്ടു പോകുന്നവന്മാരുടെ എണ്ണം ഒട്ടും കുറയുന്നില്ല.**

* * * * *

ഒരു മുന്നണിയുടെയും സഹായമില്ലാതെ പിടിച്ചുനില്ക്കാനാവാത്ത കേരളത്തിൽ എൻ.സി.പി.ക്കു യുഡിഎഫ് പ്രവേശനമല്ലാതെ വഴിയില്ലെന്നു സംസ്ഥാന പ്രസിഡണ്ട് കെ.മുരളീധരൻ.

- **പിടിച്ചു നില്ക്കാനാവാതെ വന്നാൽ പിന്നെ ഒറ്റ വഴിയേയുള്ളൂ - എവിടെയെങ്കിലും കടിച്ചുതൂങ്ങുക.**

* * * * *

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വൻ ഇടിവ്. മുൻവർഷത്തെ അപേക്ഷിച്ച് 85,000 കുട്ടികളാണ് നടപ്പ് അധ്യയനവർഷം കുറഞ്ഞത്.

– പത്രറിപ്പോർട്ട്

- **കഷ്ടകാലമെന്നല്ലാതെ എന്തു പറയാൻ! വിദ്യാഭ്യാസമന്ത്രി അധികാരമേല്ക്കുമ്പോൾ ഉണ്ടായിരുന്നതിന്റെ പകുതി മുടിപോലും ഇപ്പോൾ അദ്ദേഹത്തിന്റെ തലയിലുമില്ല!**

* * * * *

CYAN MAGENTA YELLOW BLACK

അനുസ്മരണം

പ്രിൻസ് രാജ്

# മീരാബെൻ (1892-1982)

മീരാബെൻ, യഥാർത്ഥ പേര് മാഡലിൻ സ്ലേഡ്. സ്വദേശം ഇംഗ്ലണ്ട്. പിതാവ് ബ്രിട്ടീഷ് നേവി ഉദ്യോഗസ്ഥനായിരുന്ന എഡ്മണ്ട് സ്ലേഡ്. പിതാവിന്റെ ജോലിയുമായി ബന്ധപ്പെട്ട് മാഡലിൻ സ്ലേഡിന് കുട്ടിക്കാലം മുതല്ക്കേ ഇന്ത്യയുമായി ബന്ധമുണ്ട്. ഈസ്റ്റിൻഡീസ് സ്ക്വാഡ്രന്റെ കമാൻഡർ ഇൻ ചീഫായി മുംബൈയിൽ എഡ്മണ്ട് സ്ലേഡ് നിയോഗിക്കപ്പെട്ടപ്പോൾ രണ്ടുവർഷക്കാലം മാഡലിൻ അവിടെയാണ് ചില വഴിച്ചത്.

1892 നവംബർ 22ന് ഇംഗ്ലണ്ടിൽ ഉയർന്ന ഉദ്യോഗസ്ഥന്റെ മകളായി സുഖസൗകര്യങ്ങൾക്കു നടുവിൽ ജനിച്ചുവെങ്കിലും മാഡലിന്റെ മനസ്സിൽ സംഗീതത്തിനായിരുന്നു ഒന്നാംസ്ഥാനം. അതും ബീഥോവന്റെ സംഗീതം. അതേപോലെ വിവിധ ഭാഷകളിൽ പ്രാവീണ്യം നേടുന്നതും മാഡലിന്റെ ഇഷ്ടവിഷയമായി മാറി. ജർമൻ, ഈജിപ്ഷ്യൻ, ഫ്രഞ്ച് തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം നേടി.

വിവിധ രാജ്യങ്ങളിലായി സഞ്ചരിക്കുക എന്നതും ഇതിന്റെ ഭാഗമായി. അങ്ങനെ സ്വിറ്റ്സർലണ്ടിലെത്തിയ മാഡലിൻ, ഫ്രഞ്ചു തത്ത്വചിന്തകനായ റൊമെയ്ൻ റൊളാങിനെ സന്ദർശിച്ചു. അദ്ദേഹമാണ് ഇന്ത്യയിൽ ബഹുവിധ ഭാഷകൾ, വർഗങ്ങൾ, ജാതികൾ, വർണങ്ങൾ ഉള്ള കോടാനുകോടി ഇന്ത്യാക്കാരെ അണിനിരത്തി അഹിംസാ മാർഗത്തിലൂടെ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനു നേരെ വെല്ലുവിളി ഉയർത്തുന്ന മഹാത്മാഗാന്ധിയെക്കുറിച്ച് മഡലിനോട് പറയുന്നത്. കേട്ടമാത്രയിൽ തന്നെ ഗാന്ധിജിയെ കാണണമെന്നും അദ്ദേഹത്തിന്റെ അഹിംസാസിദ്ധാന്തത്തെക്കുറിച്ചും പ്രവർത്തന രീതിയെക്കുറിച്ചും കൂടുതൽ അടുത്തറിയണമെന്നുമുള്ള ആഗ്രഹം മാഡലിന്റെ മനസ്സിൽ തിരതല്ലി. അത് വെറുമൊരു ജിജ്ഞാസയിൽ നിന്നും രൂപംകൊണ്ടതായിരുന്നില്ല.

ഗാന്ധിജിയുടെ ജീവിതരീതിയെക്കുറിച്ചും ഭക്ഷണക്രമത്തെക്കുറിച്ചുമൊക്കെ മനസ്സിലാക്കിയ മാഡലിൻ ആ രീതിയിലേക്ക് വരുവാൻ ഏറെ പണിപ്പെട്ടു. അതിനായി മാസങ്ങൾ നീണ്ട പരിശ്രമം തന്നെ നടത്തി. മാംസാഹാരം പൂർണമായും ഒഴിവാക്കി, തറയിൽ കിടന്നുറങ്ങി, സുഖസൗകര്യങ്ങളെല്ലാം വെടിഞ്ഞു, ലളിതമായ വസ്ത്രം ധരിച്ചു, ഉറുദുഭാഷ സ്വായത്തമാക്കി. ഇതിനുശേഷം ഇംഗ്ലണ്ടിൽ നിന്നും കപ്പൽ കയറിയ മാഡലിൻ, 1925 നവംബർ 6ന് മുംബൈയിലെത്തി.

ഗാന്ധിജി എന്ന വിശ്വപൗരന്റെ പ്രഭാവം നേരിട്ടുകാണുവാനും ആ കാല്പാദങ്ങളെ പിന്തുടരുവാനും ഉറച്ച് കടലുകൾ താണ്ടിയെത്തിയ മാഡലിനെ സബർമതി ആശ്രമത്തിൽ സ്വീകരിച്ചു. അവിടെയെത്തിയ മാഡലിന് തന്റെ ഇനിയുള്ള കർമത്തിന്റെ സിരാകേന്ദ്രമായി സബർമതി മതിയെന്ന് തീരുമാനിക്കാൻ അധികസമയം വേണ്ടിവന്നില്ല. കാഴ്ചയിൽ ബഹുസുന്ദരിയായിരുന്ന മാഡലിൻ തല മുണ്ഡനം ചെയ്ത് ബ്രഹ്മചര്യം സ്വീകരിച്ച് ആശ്രമത്തിലെ അന്തരീക്ഷവുമായി എളുപ്പം താദാത്മ്യം പ്രാപിച്ചു.



*ഗാന്ധിജിയും മീരാബെന്നും*

ഗാന്ധിജി എന്ന വിശ്വപൗരന്റെ പ്രഭാവം നേരിട്ടുകാണുവാനും ആ കാല്പാദങ്ങളെ പിന്തുടരുവാനും ഉറച്ച് കടലുകൾ താണ്ടിയെത്തിയ മാഡലിനെ സബർമതി ആശ്രമത്തിൽ സ്വീകരിച്ചു. അവിടെയെത്തിയ മാഡലിന് തന്റെ ഇനിയുള്ള കർമത്തിന്റെ സിരാകേന്ദ്രമായി സബർമതി മതിയെന്ന് തീരുമാനിക്കാൻ അധികസമയം വേണ്ടിവന്നില്ല. കാഴ്ചയിൽ ബഹുസുന്ദരിയായിരുന്ന മാഡലിൻ തല മുണ്ഡനം ചെയ്ത് ബ്രഹ്മചര്യം സ്വീകരിച്ച് ആശ്രമത്തിലെ അന്തരീക്ഷവുമായി എളുപ്പം താദാത്മ്യം പ്രാപിച്ചു.

തുടർന്ന് ഗാന്ധിജി തന്നെയാണ് മാഡലിൻ എന്നതിനു പകരം മീര എന്ന് പുനർനാമകരണം ചെയ്തത്.

നെയ്ത്ത്, നൂന്നൽ എന്നിവ അഭ്യസിച്ച മീര അത് ഗ്രാമങ്ങൾ നീളെ സഞ്ചരിച്ച് ജനങ്ങളെ പരിശീലിപ്പിച്ചു. ഖാദിയുടെ നിർമാണ പരിശീലനം നല്കൽ, പ്രചാരണം തുടങ്ങിയ കാര്യങ്ങൾക്ക് മേല്നോട്ടം വഹിക്കുവാൻ ഗാന്ധിജി ചുമതലപ്പെടുത്തിയത് മീരയെ ആയിരുന്നു. 1930ൽ ഗാന്ധിജിയുടെ ആഹ്വാനപ്രകാരം രാജ്യത്തെമ്പാടും ഉപ്പു സത്യാഗ്രഹം നടത്തിയവരെ അതിക്രൂരമായാണ് ബ്രിട്ടീഷ് സൈന്യം കൈകാര്യം ചെയ്തത്. അതിൽ പരുക്കേറ്റ് അവശനിലയിലായവർക്ക് സഹായമെത്തിക്കാനും ശുശ്രൂഷിക്കാനുമായി മീരയും മുന്നിട്ടിറങ്ങി.

1932 ജനുവരി 4ന് കോൺഗ്രസിനെ നിരോധിച്ച ബ്രിട്ടീഷ് സർക്കാർ, ഗാന്ധിജി ഉൾപ്പെടെയുള്ള ദേശീയ നേതാക്കളെയും രാജ്യമാസകലമുള്ള പ്രാദേശിക നേതാക്കളെയും പ്രവർത്തകരെയും ഇരുമ്പഴിക്കുള്ളിലാക്കി. കൊടിയ മർദനമുറകളാണ് പ്രയോഗിച്ചത്. പുറംലോകം ഇതൊന്നും അറിയാതിരിക്കാനായി പത്രങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തിയിരുന്നു. എന്നാൽ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് വിശദമായ വിവരങ്ങൾ ബ്രിട്ടൺ ഉൾപ്പെടെയുള്ള രാജ്യങ്ങളെ മീര അറിയിച്ചു. എന്നാൽ ഇതു കണ്ടുപിടിച്ച ഇന്ത്യയിലെ ബ്രിട്ടീഷ് അധികാരികൾ മീരയെ അറസ്റ്റുചെയ്തു. മൂന്നുമാസത്തെ ജയിൽവാസത്തിനുശേഷം പുറത്തുവന്ന മീര, മുംബൈയിൽ പ്രവേശിക്കരുത് എന്ന ബ്രിട്ടീഷ് അധികാരികളുടെ നിർദേശം ലംഘിച്ചതിനെത്തുടർന്ന് വീണ്ടും അറസ്റ്റിലാവുകയും ഒരു വർഷത്തെ തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്തു.

ഹരിജനങ്ങൾ എന്ന് ഗാന്ധിജി വിശേഷിപ്പിച്ച ഇന്ത്യയിലെ അധഃസ്ഥിത വർഗക്കാരുടെ ഉന്നമനവും നവോത്ഥാനവും ലക്ഷ്യമാക്കി ഇന്ത്യ മുഴുവൻ സഞ്ചരിച്ച ഗാന്ധിജിയെ മീരയും അനുഗമിച്ചു. സേവാഗ്രാം ആശ്രമം എന്ന പേരിൽ പില്ക്കാലത്ത് വിഖ്യാതമായ ആശ്രമം സേവാഗിൽ ഗാന്ധിജി സ്ഥാപിച്ചപ്പോൾ അവിടത്തെ ചുമതലയും മീരയ്ക്കായിരുന്നു. പിന്നീട് ഹിമാലയത്തിലേക്കുപോയ മീര, ഋഗ്വേദശ്ലോകങ്ങൾ ഇംഗ്ലീഷിലേക്കു തർജമ ചെയ്തു.

1942ൽ ക്വിറ്റ് ഇന്ത്യാ സമരത്തെത്തുടർന്ന് വീണ്ടും അറസ്റ്റിലായ മീര, ഗാന്ധിജി, കസ്തൂർബാ, സരോജിനി നായിഡു, മഹാദേവ് ദേശായി തുടങ്ങിയവർക്കൊപ്പം മോചിതയായി. ഹരിദ്വാറിൽ കിസാൻ ആശ്രമം, ഹൃശികേശിനടുത്ത് 'പശുലോക്', 'ഗോപാൽ' എന്നീ ആശ്രമങ്ങൾ സ്ഥാപിച്ച മീര ഗാന്ധിജിയുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി 'ബാപ്പുരാജ്' എന്ന പേരിൽ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പത്രവും പ്രസിദ്ധീകരിച്ചിരുന്നു.

സ്വാതന്ത്ര്യാനന്തരം 1959ൽ ജർമനിയിലേക്കുപോയ മീര, ഗാന്ധിജിയുടെ സന്ദേശം അവിടെയും പ്രചരിപ്പിച്ചു. ഇന്ത്യയിൽ അനുഷ്ഠിച്ച ജീവിതചര്യകൾ തന്നെ അവിടെയും മീര പിന്തുടർന്നു. സംഗീതം, വായന, എഴുത്ത് എന്നിവയുമായി കഴിഞ്ഞ മീര ആ കാലയളവിൽ ചില ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

ആത്മകഥയായ 'ആത്മാവിന്റെ തീർത്ഥയാത്ര' (The Spirit of Pilgrimage), സ്മരണകൾ, ഗാന്ധിജി മീരയ്ക്കെഴുതിയ കത്തുകൾ എന്നിവ ഗാന്ധിജിയും അദ്ദേഹത്തിന്റെ ആശയങ്ങളുമായി മീരാ ബെന്നിനുണ്ടായിരുന്ന അഞ്ച് പതിറ്റാണ്ടുകൾ നീണ്ട ആത്മസമർപ്പണത്തിന്റെ തിരുശേഷിപ്പുകളാണ്.

ഇംഗ്ലണ്ടിൽ ജനിച്ച് ഒരു മനുഷ്യായുസ്സു മുഴുവൻ ഇന്ത്യാ മഹാരാജ്യത്തിന്റെ സാമൂഹ്യരംഗത്ത് സഹനത്തോടുകൂടി സേവനം ചെയ്ത ആ മഹതിയെ 1982ൽ രാജ്യം 'പദ്മവിഭൂഷൺ' നല്കി ആദരിച്ചു.

1982 ജൂലൈ 29ന് ആ അതുല്യ തേജസ് കെട്ടുപോയി.

5 >>

## ചൈനയുടെ ന്യൂനപക്ഷപ്രേമവും മാർക്സിസ്റ്റ് പാർട്ടിയുടെ മൂകാഭിനയവും

ഇന്ത്യയുടെ അവിഭാജ്യഘടകമായ അരുണാചൽ പ്രദേശിന്റെ കാര്യത്തിലും ചൈന ആവശ്യമില്ലാത്ത തർക്കം ഉന്നയിക്കാറുണ്ട്. 1966ൽ സ്ഥാപിതമായ ഏഷ്യൻ വികസന ബാങ്ക് അഥവാ എ.ഡി.ബിയുടെ 31 സ്ഥാപകാംഗങ്ങളിൽ ഇന്ത്യയും ചൈനയും ഉൾപ്പെടുന്നു. അംഗ രാജ്യങ്ങൾ ചേർന്ന് 12 അംഗ ഡയറക്ടർ ബോർഡിനെ തെരഞ്ഞെടുക്കുന്നു. ഡയറക്ടർ ബോർഡിൽ ഇന്ത്യയോടൊപ്പം ചൈനയും അംഗമാണ്.

അരുണാചൽ പ്രദേശിന്റെ അടിസ്ഥാന വികസനത്തിനായി ഇന്ത്യാ ഗവൺമെണ്ട് എ.ഡി.ബി. ലോണിനായി അപേക്ഷ സമർപ്പിച്ചപ്പോൾ അരുണാചൽ പ്രദേശ് ചൈനയുടെ ഭാഗമാണെന്ന വാദം ഉയർത്തി ഡയറക്ടർ ബോർഡിൽ ഇതിനെ എതിർത്തു. ഇതിന് ചൈനയ്ക്ക് ഊർജം പകരുന്നത് ഇ.എം.എസ്സിന്റെ സുപ്രസിദ്ധമായ വാചകമായിരിക്കാം: "ഇന്ത്യാക്കാർ ഇന്ത്യക്കാരുടേതെന്നും ചൈനക്കാർ ചൈനക്കാരുടേതെന്നും പറയുന്ന സ്ഥലം"!

ചൈനയിൽ പ്രശ്നബാധിത സ്ഥലങ്ങൾ ധാരാളമാകുന്നു. തിബറ്റ്, സിൻജിയാങ് . ഇതിനോടൊക്കെ ഇന്ത്യാ ഗവൺമെണ്ടിന്റെ സമീപനം ചൈനയുടെ ഔദ്യോഗിക നിലപാടിനൊപ്പമാണ്. എന്നാൽ ചൈനീസ് ഗവൺമെണ്ട് നയതന്ത്രപരമായ മാന്യത ഇന്ത്യയോട് കാണിക്കാറില്ല.

സാമ്രാജ്യത്വ പോരാട്ടങ്ങൾ എന്ന പേരിൽ അമേരിക്ക, ഇസ്രായേൽ മുതലായ രാജ്യങ്ങളെ എതിർക്കുന്ന സി.പി.എം, തെരഞ്ഞെടുപ്പ് കാലത്ത് ഇന്ത്യയിലെ മുസ്ലീം സമുദായത്തെ കോൺഗ്രസിനെതിരാക്കാനാണു ശ്രമിച്ചത്. ഇസ്രായേലുമായി ഇന്ത്യ മിസൈൽ കരാറുണ്ടാക്കിയെന്നും അതിൽ ഏ.കെ. ആന്റണി അഴിമതി കാണിച്ചുവെന്നും സീതാറാം യെച്ചൂരിയും തോമസ് ഐസക്കും നിരവധി പത്രസമ്മേളനങ്ങൾ നടത്തിയെങ്കിലും ആരുമത് വിശ്വസിച്ചില്ലെന്നു മാത്രമല്ല, രണ്ടുപേരുടെയും ജന്മനാട്ടിൽ സി.പി.എമ്മിന്റെ അവസ്ഥ വിവരിക്കാനാകാത്ത വിധം തകർന്നു പോവുകയും ചെയ്തു.

കരയിൽ നിന്ന് ആകാശത്തേക്ക് തൊടുത്തുവിടാവുന്ന മധ്യദൂര മിസൈൽ നിർമിക്കാനാണ് ഇന്ത്യയുടെ പ്രതിരോധ ഗവേഷണ കേന്ദ്രമായ ഡി.ആർ.ഡി.ഒയും ഇസ്രായേൽ ഗവേഷണ കേന്ദ്രമായ ഐ.എ.ഐ.എയും തമ്മിൽ കരാർ ഒപ്പിട്ടത്. ഈ മിസൈൽ പൂർത്തിയായാൽ ചൈനയ്ക്ക് ഭീഷണിയാവും എന്നതിനാലാണ് സി.പി.എം. ഇതിൽ അഴിമതി ആരോപിച്ച്, ഈ കരാറിനെ തകർക്കാൻ ശ്രമിച്ചത്.

ചൈനയിലെ ന്യൂനപക്ഷമാണ് ബുദ്ധവംശജർ. അതിലും ന്യൂനപക്ഷമാണ് അവിടത്തെ മുസ്ലീങ്ങൾ. അവർ പീഡിപ്പിക്കപ്പെടുന്ന വാർത്ത പോലും കൊടുക്കാതെ ദേശാഭിമാനിയും സി.പി.എമ്മും ചൈനയോട് കൂറു തെളിയിച്ചുകൊണ്ടിരിക്കുന്നു!




# കൗരവർ പിന്നെയും നാണംകെടുന്നു

**സവ്യസാചി**



**താ**ൻ വച്ച കെണികളിൽ നിന്നെല്ലാം രക്ഷപെട്ടു പാണ്ഡവർ സുഖമായി കഴിയുന്നു എന്നറിഞ്ഞ ദുര്യോധനൻ വല്ലാതെ നടുങ്ങി. മരണത്തെ മുന്നിൽ കണ്ടാലെന്നതുപോലെ മുഖം വിളറി. അമ്മാവന്റെയും കർണന്റെയും തന്ത്രോപദേശങ്ങൾ പാഴായിപോയെന്നോ? എന്തു ചെയ്യണം എന്തു ചെയ്യരുത് എന്നറിയാതെ വിഷാദം കൊണ്ടു. പഠിച്ച വിദ്യകളെല്ലാം പാഴായി പോകുന്ന യുദ്ധവീരനെപ്പോലെ കുഴങ്ങി.

വിവരം കേട്ടറിഞ്ഞു പരിഭ്രമിച്ചോടിയെത്തിയ അമ്മാവനെ ആശ്ലേഷിച്ചുകൊണ്ടു ദുര്യോധനൻ ആരാഞ്ഞു: "ഇനി നമ്മളെന്തു ചെയ്യും? അവർ പാഞ്ചാലരാജാവിന്റെ മകളെ വിവാഹം ചെയ്തതോടെ ഇരട്ടി ബലവാന്മാരായിരിക്കുകയല്ലേ?"

സാരമില്ല ദുര്യോധനാ, ശകുനി ആശ്വസിപ്പിച്ചു. എല്ലാത്തിനും പരിഹാരമുണ്ടാകും. നീ ആ കർണനോടുകൂടി ഇങ്ങുവരാൻ പറ.

അല്പസമയത്തിനുള്ളിൽ കർണനും തിരക്കിട്ടെത്തി. അയാളുടെ മുഖത്ത് ഒരു ജാള്യതയുണ്ടായിരുന്നു. വില്ലു വലിച്ചു കുലയ്ക്കുമ്പോൾ ഞാൺ പൊട്ടിപ്പോയാലെന്നതുപോലെ കർണൻ സംഭ്രമചിത്തനായിരുന്നു.

കർണാ, ഇനിയും നമുക്ക് വെറുതെയിരിക്കാൻ സമയമില്ല. ദുര്യോധനൻ പറഞ്ഞുതുടങ്ങി. അരക്കില്ലത്തിൽ എരിഞ്ഞടങ്ങി എന്നു നമ്മൾ കരുതിയിരുന്ന പാണ്ഡവർ ഇതാ ജീവനോടെയിരിക്കുന്നു. മാത്രവുമല്ല പാഞ്ചാലരാജധാനിയിൽ വച്ച് നമ്മളെ അപമാനിച്ചുവിട്ടതും അവർ തന്നെയായിരുന്നല്ലോ. ഇനി രണ്ടിലൊന്ന് തീരുമാനിച്ചേ മതിയാവൂ. ജയിക്കുക അല്ലെങ്കിൽ മരിക്കുക.

അത്ര വെപ്രാളപ്പെടുകയൊന്നും വേണ്ട ദുര്യോധനാ. കർണൻ പറഞ്ഞു. ഇതു ക്ഷത്രിയവീരന്മാർക്കു ചേർന്നതല്ല. അവനു പരാജയമില്ല, മരണവുമില്ല. ജയവും ജീവിതവും മാത്രമേയുള്ളൂ.

അപ്പോൾ ശകുനി കടന്നു പറഞ്ഞു: "പാഞ്ചാലീസ്വയംവരത്തിനുപോയി തോറ്റുമടങ്ങിയെന്നതു ശരിതന്നെ. പക്ഷേ, ഒരിക്കൽ തോറ്റുവെന്നു കരുതി അതോർത്ത് ചിണുങ്ങിയിരിക്കുന്നത് ധീരന്മാരുടെ ലക്ഷണമല്ല. ദ്രുപദന്റെ സഹായത്തോടെ അവർ നാളെയല്ലെങ്കിൽ നാളെകഴിഞ്ഞ് ഹസ്തിനപുരത്തേക്ക് പട നയിച്ചേക്കാം. ഇങ്ങോട്ടു വരുന്നതിനുമുമ്പ് അങ്ങോട്ടുചെന്ന് അവരെ ഒന്നടങ്കം തകർക്കുകയാണു ബുദ്ധി. സിംഹത്തെ അതിന്റെ ഗുഹയിൽ ചെന്നാക്രമിക്കുക എന്നതാണല്ലോ യുദ്ധതന്ത്രം. ഉടനെ സൈന്യസജ്ജീകരണം നടത്തുക."

ഇത്രയുമായപ്പോൾ സൗമദത്തി എന്ന മന്ത്രി അവിടേക്കു കടന്നുവന്നു. സംഭവിച്ചതെല്ലാം അദ്ദേഹവും അറിഞ്ഞിരിക്കുന്നു. ദുര്യോധനനെ വണങ്ങി അദ്ദേഹം ഇങ്ങനെ പറഞ്ഞു: "രാജാവേ, എന്നോടു ക്ഷമിക്കണം. രാജാവ്, മന്ത്രി, ബന്ധു, ബലം, ഭണ്ഡാരം, രാജ്യം, കോട്ട എന്നിവയാണല്ലൊ സപ്തപ്രകൃതികൾ. സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം എന്നിവ ആറു നീതിഗുണങ്ങൾ എന്നും അറിയപ്പെടുന്നു. ഇതോടൊപ്പം സ്ഥാനം, വൃദ്ധി, ക്ഷയം, ഭൂമി, മിത്രങ്ങൾ, വിക്രമം എന്നിവയും പ്രധാനം തന്നെ. ഈ വസ്തുതകൾ അടിസ്ഥാനപ്പെടുത്തിയാണ് രാജാക്കന്മാരുടെ ശക്തിപരാക്രമങ്ങൾ നിലകൊള്ളുന്നത്.

ഇപ്പോൾ പാണ്ഡവർ വളരെ ശക്തരാണ്, സമ്പന്നരാണ്. പാഞ്ചാല രാജാവ് അവർക്കു വേണ്ടി എന്തും ചെയ്യും. പാണ്ഡവരെപ്പറ്റി എല്ലാവർക്കും നല്ലതേ പറയാനുള്ളൂ. അവർ പരാക്രമികളും ബുദ്ധിശാലികളുമാണ്. ബലരാമനും ശ്രീകൃഷ്ണനും അവരുടെ സംരക്ഷകരാണ്. ഇന്ദ്രാദിദേവകൾക്കുപോലും ഇന്ന് പാണ്ഡവരെ ജയിക്കുക എളുപ്പമല്ല. അതുകൊണ്ട് അവരുമായി സന്ധിചെയ്ത് സമാധാനത്തോടെ സുരക്ഷിതമായി കഴിയുന്നതാവും നല്ലത്.

**നീരസവും അപ്രീതിയും പുറത്തു കാണിക്കാതെ അടഞ്ഞ കണ്ണുകൾ തുടരെ ചിമ്മിക്കൊണ്ടു ധൃതരാഷ്ട്രർ പ്രതിവചിച്ചു: കൊള്ളാം, കൊള്ളാം, അങ്ങനെ ചെയ്യാം.**

സൗമദത്തിയുടെ ഈ വാക്കുകൾ കമഴ്ത്തിവച്ച കുടത്തിനുമേൽ വീണ വെള്ളം പോലെയായി. ശകുനിയുടെയും കർണന്റെയും ഉപദേശങ്ങളിൽ കുരുങ്ങി കൗരവർ പാഞ്ചാലരാജാവിനോടു യുദ്ധത്തിനു പുറപ്പെട്ടു.

പക്ഷേ, നാണംകെട്ട തോല്വി ഏറ്റുവാങ്ങാനായിരുന്നു കൗരവർക്ക് വിധി. പാഞ്ചാലരാജാവിന്റെ രക്ഷയ്ക്കെത്തിയ പാണ്ഡവരെ ജയിക്കാൻ അവർക്ക് കഴിഞ്ഞില്ല. മഴപോലെ പെയ്തിറങ്ങിയ അർജുനബാണങ്ങൾക്കുമുമ്പിൽ കൗരവപ്പട ചിതറിയോടി. ഒരു വൻമരം വലിച്ചു പറിച്ചു ശത്രുക്കളെ നേരിട്ട ഭീമൻ തച്ചുതകർത്തത് നൂറുകണക്കിനാളുകളെയും ആനകളെയും തേരുകളെയുമാണ്. അമ്പുകൊള്ളാത്തവരോ അടി ഏല്ക്കാത്തവരോ ആയി കൗരവപ്പടയിൽ ആരുമുണ്ടായിരുന്നില്ല. കർണനും ദുര്യോധനനും ദുശ്ശാസനനും ജയദ്രഥനും ഉൾപ്പെടെ എല്ലാവരും അങ്ങോട്ടു പോയതിന്റെ ഇരട്ടി വേഗത്തിൽ ഹസ്തിനപുരത്തിലേക്കു കുതിച്ചു, ജീവനും കൊണ്ട്!

ശത്രുക്കളെ പാഠംപഠിപ്പിക്കാൻ ഇറങ്ങി പുറപ്പെട്ടു ശത്രുക്കളിൽ നിന്നു തോല്വിയുടെ പാഠങ്ങൾ പഠിച്ചു മടങ്ങിയ അമ്മാവനും മരുമക്കളും കുറെനാളത്തേക്കു പുറത്തിറങ്ങാതെ കഴിഞ്ഞു. പറ്റിയ മുറിവുകളൊക്കെ കരിയണം. മാനഹാനിയുടെ ഉണങ്ങാത്ത മുറിവുകൾ മൂടിവയ്ക്കുകയും വേണം. ഇതിനൊക്കെ ഒരു ഇടവേള വേണമല്ലോ.

പിന്നൊരു ദിവസം രാജ്യസഭ കൂടുന്നതിനിടയിൽ ഇളയച്ഛൻ വിദുരർ, കൗരവർക്ക് പറ്റിയ അമളിയെല്ലാം അറിഞ്ഞുകൊണ്ടു തന്നെ മുനവച്ചു സംസാരിച്ചു: "മഹാരാജാവേ, കുരുകുലത്തിനു നല്ലകാലം വന്നുചേർന്നല്ലൊ. പരാക്രമികളായ നമ്മുടെ കുട്ടികൾ പാഞ്ചാലരാജകുമാരിയെ സ്വയംവരം ചെയ്ത് ആ മഹാരാജാവുമായി ഉറ്റ ബന്ധവും സ്ഥാപിച്ചിരിക്കുന്നു."

ഇതുകേട്ടപ്പോൾ ദുര്യോധനൻ പാഞ്ചാലിയെ വിവാഹം ചെയ്തു എന്നാണ് ധൃതരാഷ്ട്രർ ധരിച്ചത്. അതുകൊണ്ട് വിദുരരെ അനുകൂലിച്ചുകൊണ്ടു 'കൊള്ളാം, കൊള്ളാം' എന്നു തന്റെ സന്തോഷം അറിയിച്ചു. മാത്രവുമല്ല കൃഷ്ണയെ ഉടൻ സദസ്സിലേക്കു കൂട്ടിക്കൊണ്ടുവരാൻ ദുര്യോധനനോട് നിർദേശിക്കുകയും അവൾക്ക് ധാരാളം സമ്മാനങ്ങൾ നല്കാൻ കല്പിക്കുകയും ചെയ്തു.

അപ്പോൾ വിദുരർ തിരുത്തി. അങ്ങനെയല്ല, മഹാരാജാവേ. കൃഷ്ണ സ്വയംവരം ചെയ്തത് അർജുനനെയാണ്. അവർക്ക് പാഞ്ചാലർ ബന്ധുക്കളായിത്തീർന്നിരിക്കുന്നു.

അബദ്ധം പറ്റിപ്പോയതിന്റെ ജാള്യത മറച്ചുകൊണ്ടു ധൃതരാഷ്ട്രർ പിന്നെയും പറഞ്ഞു: കൊള്ളാം, കൊള്ളാം. എല്ലാം ദൈവനിശ്ചയം.

വിദുരർ തുടർന്നു: അരക്കില്ലത്തിനു തീപിടിച്ചു മരണപ്പെട്ടുപോയെന്നു നമ്മൾ കരുതിയിരുന്ന നമ്മുടെ മക്കൾ ജീവനോടെയിരിക്കുന്നു എന്നറിയുന്നതിനെക്കാൾ സന്തോഷകരമായിട്ടെന്താണുള്ളത്. ജ്യേഷ്ഠാ, അങ്ങ് കൗരവരെയും പാണ്ഡവരെയും ഒരേപോലെ മക്കളായി കരുതി സ്നേഹിച്ചു പോന്ന പിതാവു കൂടിയാണ്. അങ്ങാണിപ്പോൾ ഏറെ സന്തോഷിക്കേണ്ടത്. മക്കൾ എല്ലാവരോടും, വഴക്കിടാതെ സമാധാനമായി സ്നേഹത്തോടെ കഴിയാൻ നിർദേശിക്കണം. തമ്മിൽ കലഹിക്കുന്ന ഒരു വംശവും നിലനില്ക്കില്ല. എല്ലാവർക്കും സമൃദ്ധിയോടെ കഴിയാൻ ഈ ഭൂമിയിൽ ഇടം ധാരാളമുണ്ട്. പിന്നെന്തിനാണു കലഹം? എന്തിനാണു വഴക്ക്? ചതിയും വഞ്ചനയുമെന്തിന്? ഒരേ കുടുംബത്തിൽ പിറന്നവർ ഒരുമിച്ചു നിന്നാൽ ഹസ്തിനപുരത്തിനെതിരെ ഈ ലോകത്തിൽ ഒരു ശക്തിക്കും അനങ്ങാൻ പോലും സാധിക്കില്ല. അത്തരമൊരു സുവർണകാലം നമ്മുടെ രാജ്യത്തിനുണ്ടാവണം.

ഒന്നു നിർത്തിയിട്ടു വീണ്ടും വിദുരർ തുടർന്നു: അങ്ങു പാണ്ഡവരുടെ അടുത്തേക്ക് ദൂതന്മാരെ അയയ്ക്കണം. കൃഷ്ണയ്ക്ക് വസ്ത്രങ്ങളും ആഭരണങ്ങളും സമ്മാനമായി കൊടുത്തയയ്ക്കണം. എല്ലാവരോടും ഹസ്തിനപുരത്തേക്കു മടങ്ങിവരാൻ കല്പിക്കണം.

വിദുരവാക്യം തീക്കൊള്ളികൊണ്ടുള്ള കുത്തുപോലെയാണു ധൃതരാഷ്ട്രകർണങ്ങൾക്കനുഭവപ്പെട്ടത്. എങ്കിലും നീരസവും അപ്രീതിയും പുറത്തു കാണിക്കാതെ അടഞ്ഞ കണ്ണുകൾ തുടരെ ചിമ്മിക്കൊണ്ടു ധൃതരാഷ്ട്രർ പ്രതിവചിച്ചു: കൊള്ളാം, കൊള്ളാം, അങ്ങനെ ചെയ്യാം.

അനുജന്റെ ചുണ്ടിൽ ഒരു കള്ളച്ചിരി വിരിഞ്ഞതു ജ്യേഷ്ഠനു കാണാൻ കഴിഞ്ഞില്ല!

*(തുടരും)*